# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 563 19.03.2013-ലെ മറുപടിക്ക്**

## വായ്പാത്തുക ചെലവഴിക്കൽ

| | **ചോദ്യം**<br>**ശ്രീ. കെ.വി. അബ്ദുൾ ഖാദർ** | **ഉത്തരം**<br>**ശ്രീ. കെ.എം. മാണി**<br>**ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി** |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതേ വരെ സർക്കാർ വായ്പ എടുത്ത തുക കടബാധ്യതകൾ തീർക്കുന്നതിനുവേണ്ടി ചെലവഴിക്കുകയുണ്ടായോ ; എങ്കിൽ ഓരോ വർഷവും എത്ര തുക മറ്റാവശ്യങ്ങൾക്കായി ചെലവഴിക്കുകയുണ്ടായി ; | സർക്കാർ എടുക്കുന്ന വായ്പയുടെ ഒരു ഭാഗം കടം തിരിച്ച ടയ്ക്കുന്നതിന് ചെലവഴിക്കുന്നുണ്ട്. 2011-12 ൽ കടമെ ടുത്ത തുകയിൽ 6905.90 കോടി രൂപ മറ്റാവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കനുസരിച്ച് 2012-13 വർഷത്തിൽ 31.01.2013 വരെ ഇത് 6320.46 കോടി രൂപയാണ്. |
| (ബി) | ഈ സർക്കാർ പുറപ്പെടുവിച്ച 'ധവളപത്ര'ത്തിൽ കടം എടുത്ത തുക നിത്യനിദാന ചെലവു കൾക്ക് ഉപയോഗിക്കുന്നതിനെ വിമർശിച്ചി ട്ടുണ്ടായിരുന്നുവോ ; | കടം എടുത്ത തുക നിത്യനിദാന ചെലവുകൾക്ക് ഉപയോ ഗിക്കുന്നതിനെ സംബന്ധിച്ച് സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറ ലിന്റെ റിപ്പോർട്ടിലെ പരാമർശം ഈ സർക്കാർ പുറപ്പെടുവി ച്ചിട്ടുള്ള ധവളപത്രത്തിൽ ആവർത്തിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. |
| (സി) | സംസ്ഥാന സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള (2012 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷ ത്തെ) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ, 'ധവളപത്ര'ത്തിലൂടെ മുൻ സർക്കാ റിനെ വിമർശിച്ച അതേ കാര്യങ്ങളിൽ ഇപ്പോ ഴത്തെ സർക്കാരിനെയും വിമർശിക്കുകയു ണ്ടായോ എന്ന് വ്യക്തമാക്കുമോ ; ഇക്കാര്യം പരിശോധിക്കുകയുണ്ടായോ ; | സംസ്ഥാനം കടമെടുത്ത തുക നിത്യനിദാനചെലവുകൾക്ക് ഉപയോഗിക്കുന്നതിനെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ പരാമർശം 2012 മാർച്ച് മാസം അവസാനിച്ച സാമ്പത്തിക വർഷത്തെ റിപ്പോർട്ടിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുകയുണ്ടായി. |
| (ഡി) | എങ്കിൽ ധവളപത്രത്തിലൂടെ മുൻ സർക്കാരിനെ തിരെ നടത്തിയ വിമർശനങ്ങൾ പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ ? | ധവളപത്രത്തിൽ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ പരാമർശങ്ങൾ ഉദ്ധരിക്കുകയാണ് ചെയ്തിട്ടുള്ളത്. അത് പിൻവലിക്കാൻ ഉദ്ദേശിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**